(ബി) പ്രസ്തുത വിഷയം സംബന്ധിച്ചു എന്തെല്ലാം നടപടികളും നഷ്ടപരിഹാരങ്ങളുമാണ് വനം വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം കൃഷിനാശം, ജീവഹാനി, പരിക്ക് മുതലായവ സംഭവിച്ചിട്ടുണ്ട്. കൃഷിനാശം സംബന്ധിച്ച് പരാതികൾ നൽകിയ 265 പേർക്ക് 12,56,364 രൂപ അനുവദിച്ചിട്ടുണ്ട്. ജീവഹാനി സംബന്ധിച്ച് അപേക്ഷ നല്കിയ 13 പേരുടെ ആശ്രിതർക്ക് 9,00,000 രൂപ അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയ 25 പേരുടെ അപേക്ഷകളിൽ 3,24,250 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിനാശത്തിന് യഥാസമയം നഷ്ടപരിഹാരം നല്കിവരുന്നു.

**വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിന് നടപടി**

302 (304) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ ;

(ബി) സൗര വേലി എല്ലാ മേഖലകളിലും വ്യാപകമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ ഇപ്രകാരം സംഭവിച്ചിട്ടുള്ള ആക്രമണങ്ങളിൽ നിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്, വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിൽ വന്യജീവിശല്യം നേരിടുന്നതിനുള്ള പ്രത്യേക പദ്ധതികൾ 2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുകയുണ്ടായി. പ്രശ്നക്കാരായ കാട്ടാനകളെ പിടികൂടി പുനരധിവസി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുന്നതിന് വയനാട്ടിലെ മുത്തങ്ങയിലും നിലമ്പൂരിലെ നെടുങ്കയത്തും രണ്ട് ആനക്കൂട്ടുകൾ നിർമ്മിച്ചുവരുന്നു. പിടികൂടുന്ന ആനകളെ പുനരധിവസിപ്പിക്കുന്നതിന് ഈ പ്രവർത്തനങ്ങൾക്കായി രണ്ട് ലോറികൾ വാങ്ങി പ്രത്യേക തരത്തിലുള്ള ബോഡി നിർമ്മിച്ചുവരുന്നു. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. 2014-16 കാലഘട്ടത്തിൽ 620 കി.മീ. വനാതിർത്തിയിൽ കല്ലുപാകിയ കിടങ്ങുകൾ, കരിങ്കൽ മതിലുകൾ, റെയിൽ പാളങ്ങളുപയോഗിച്ചുള്ള വേലികൾ, സൗരോർജ്ജ വേലികൾ, ജൈവ വേലികൾ എന്നിവ ഓരോരോ സ്ഥലത്തിനും അനുയോജ്യമായ രീതിയിൽ നിർമ്മിക്കുന്നതിന് 259 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

2. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് വേട്ടയാടുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ട്.

3. വന്യജീവി ആക്രമണം നിമിത്തം കാർഷിക വിളകൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന് ഒരു തവണ പരമാവധി 75,000 രൂപയും ഒരു വർഷം നാലുതവണ വരെയും നഷ്ടപരിഹാരം നല്കിവരുന്നുണ്ട്.

4. വന്യജീവി ആക്രമണം നിമിത്തം മുറിവേൽക്കുന്നവരുടെ 75,000 രൂപ വരെയുള്ള ചികിത്സാ ചെലവ് തിരികെ നൽകുന്നതിനും ആദിവാസി ഗോത്ര വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ ചികിത്സാ ചെലവ് പൂർണ്ണമായി തിരിച്ചു നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റു മരണമടയുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

6. വന്യജീവികളുടെ ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 3 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

7. കണ്ണൂർ, വയനാട് ജില്ലകളിലെ പ്രശ്നബാധിത വനാതിർത്തികളിൽ ജനങ്ങളുടെ സഹകരണത്തോടെ സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്നതിനുള്ള നടപടി (2013-14 സാമ്പത്തിക വർഷം).

8. വയനാട്, കണ്ണൂർ വനം ഡിവിഷനുകളിലെ വനാതിർത്തികളിൽ സൗരോർജ്ജ വേലിയും കരിങ്കൽ മതിലുകളും കിടങ്ങുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി (2013-14 സാമ്പത്തിക വർഷം).

LIBRARY ARCHIVES Kerala Legislative Assembly

9. വന്യജീവി ആക്രമണം നേരിടുന്നതിന് എട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തനം നടത്തുന്നു.

10. കാട്ടാനശല്യം നേരിടുന്നതിന് വയനാട്, മലപ്പുറം ജില്ലകളിലേക്ക് രണ്ട് എലിഫന്റ് സ്ക്വാഡുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി. വയനാട്ടിൽ എലിഫന്റ് സ്ക്വാഡിന്റെ പ്രവർത്തനം തുടങ്ങി. പ്രത്യേക സൗകര്യങ്ങളുള്ള രണ്ട് ലോറികൾ, നാല് ക്യാംപർ ജീപ്പുകൾ, മയക്കുവെടി തോക്കുകൾ എന്നിവ എലിഫന്റ് സ്ക്വാഡിന്റെ ആവശ്യത്തിന് ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു

(ബി) ഫലപ്രദമാണെന്ന് കാണുന്ന ഭാഗങ്ങളിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതാണ്. ഓരോരോ സ്ഥലങ്ങളിലും ഫലപ്രദമായ മറ്റു മാർഗ്ഗങ്ങളും (കിടങ്ങുകൾ, കരിങ്കൽ മതിലുകൾ, പഴയ റെയിൽ പാളങ്ങൾ ഉപയോഗിച്ചുള്ള വേലികൾ, ജൈവ വേലികൾ) അവലംബിച്ചുവരുന്നു.

(സി) കോങ്ങാട് നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം നിമിത്തം മനുഷ്യർക്ക് ജീവഹാനിയും പരിക്കും സംഭവിച്ചതിനും കാർഷിക വിളകൾ നഷ്ടപ്പെട്ടതിനും, 24,80,614 രൂപ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്. വന്യജീവികളുടെ ആക്രമണം തടയുന്നതിന് എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കായൽ കയ്യേറി ഫ്ളാറ്റ് നിർമ്മാണം

303 (305) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എൽ.എഫ്. കമ്പനി ചിലവന്നൂരിലെ കായൽ കയ്യേറി ഫ്ലാറ്റ് നിർമ്മിച്ചതിനെ സംബന്ധിച്ച കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മൂന്നംഗ ഉപസമിതിയുടെ പരിശോധനാ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡി.എൽ.എഫ്. കമ്പനി ചിലവന്നൂരിൽ ഫ്ളാറ്റ് നിർമ്മിച്ചതിനെ സംബന്ധിച്ച് മൂന്നംഗ സമിതി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly